**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6015** **09-07-2024 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത/കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത വ്യവസായങ്ങളിലും കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങളിലും എത്രപേർ തൊഴിൽ ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പരമ്പരാഗത വ്യവസായ മേഖലയായ കയർ മേഖലയിൽ 21,000 ത്തോളം തൊഴിലാളികളും കൈത്തറി മേഖലയിൽ 14124-ഓളം നെയ്ത്തുകാരും ഖാദി മേഖലയിൽ നിലവിൽ 12500-ഓളം തൊഴിലാളികളും ജോലി ചെയ്തു വരുന്നു.<br><br>മുളമേഖലയിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനുമായി ബന്ധപ്പെട്ട് 1500 ഈറ്റ വെട്ട് തൊഴിലാളികളും 3300 പനമ്പ് നെയ്ത്ത് തൊഴിലാളികളും, കോർപ്പറേഷനിൽ നിന്നും ഈറ്റ ശേഖരിച്ച് മുളയധിഷ്ഠിത ഉൽപന്നങ്ങൾ നിർമ്മിക്കുന്ന 7000 ത്തോളം തൊഴിലാളികളും ഉണ്ട്.<br><br>കശുവണ്ടി മേഖലയിൽ കാഷ്യൂ കോർപ്പറേഷനിലും കാപ്പക്സിലുമായി നിലവിൽ 16000 ഓളം തൊഴിലാളികളും കശുവണ്ടി ആശ്വാസ ക്ഷേമനിധി ബോർഡിൽ 260148 രജിസ്റ്റേർഡ് അംഗങ്ങളും 59491 ലൈവ് അംഗങ്ങളുമാണ് നിലവിലുള്ളത്.<br><br>പരമ്പരാഗത കരകൗശല മേഖലയിൽ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ലേബർ ഡാറ്റാ രജിസ്ട്രേഷൻ മുഖാന്തിരം 19612 പേരും കൂടാതെ PM Viswakarma രജിസ്ട്രേഷനിൽ 44,368 പേരും നിലവിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. കൂടാതെ കരകൗശല മേഖലയിൽ ഒന്നര ലക്ഷത്തോളം പേരും തൊഴിൽ ചെയ്തു വരുന്നതായി കണക്കാക്കുന്നു.<br><br>ഭക്ഷ്യ സംസ്കരണ (Food Processing) യൂണിറ്റുകളിൽ കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർദ്ധനയുമായി ബന്ധപ്പെട്ട പ്രവർത്തന ങ്ങളാണ് ഏറ്റെടുത്തിരിക്കുന്നത്. കിൻഫ്രയിലെ ഫുഡ് പാർക്കുകളിൽ വിവിധ ഭക്ഷ്യ സംസ്കരണ യൂണിറ്റുകളിലായി 4686 പേർ ജോലി ചെയ്യുന്നു (5 ഫുഡ് പാർക്കുകളും 1 സംയുക്ത സംരംഭ പാർക്കും). മറ്റ് |

| | | | |
|---|---|---|---|
| | | | കിൻഫ്ര പാർക്കുകളിലുള്ള ഭക്ഷ്യ സംസ്കരണ യൂണിറ്റുകളിൽ 4243 പേർ ജോലി ചെയ്യുന്നു.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ വ്യവസായ ജാലകം പോർട്ടൽ, സംരംഭക വർഷം പോർട്ടൽ എന്നിവയിലെ കണക്ക് പ്രകാരം ഭക്ഷ്യ-കാർഷിക മേഖലയിൽ 258185 തൊഴിലാളികൾ ഉണ്ട്. |
| (ബി) | പ്രസ്തുത മേഖലകളുടെ നവീകരണത്തിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | **കയർ** മേഖലയിൽ നവീകരണത്തിനായി പശ്ചാത്തല സൗകര്യ വികസനവും യന്ത്രവൽക്കരണവും നടപ്പിലാക്കിയിട്ടുണ്ട്. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി സ്ഥാപിച്ച ഉപകരണങ്ങളുടെയും യന്ത്രസമഗ്രികളുടെയും അറ്റകുറ്റപ്പണികൾക്കും കാലാനുസൃതമായ പരിഷ്ക്കരണങ്ങൾക്കും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. വിപണി മൂല്യവും ഗുണമേന്മയുമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരമ്പരാഗത തൊഴിലാളികൾക്ക് ആവശ്യമായ നൈപുണ്യ വികസന/ പരിശീലന പരിപാടികളും നൽകി വരുന്നുണ്ട്.<br><br>പരമ്പരാഗത വ്യവസായ മേഖലകളുടെ നവീകരണത്തിലൂടെ പുതിയ തൊഴില വസരങ്ങൾ രൂപപ്പെടുത്താമെന്നത് കണക്കിലെടുത്ത് **കൈത്തറി** മേഖലയിലും നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കൈത്തറി മേഖലയുടെ വികസനത്തിനുമായി ഹാന്റ്ലൂം മാർക്ക് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഉയർന്ന ഗുണമേന്മയുള്ള വൈകല്യങ്ങൾ ഇല്ലാത്ത കൈത്തറി ഉൽപ്പന്നങ്ങൾക്ക് മാത്രമേ ഹാന്റ്ലൂം മാർക്ക് നൽകുകയുള്ളൂ. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുകയും കൈത്തറി ഉൽപ്പന്നങ്ങൾ തിരയുന്ന ഉപഭോക്താക്കൾക്ക് യഥാർത്ഥ കൈത്തറി ഉൽപ്പന്നങ്ങൾ ലഭ്യമാക്കുകയും ഇതുവഴി ചെയ്യാനാകും.<br><br>കൂടാതെ കൈത്തറി വസ്തുങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി "ക" എന്ന പേരിൽ ബ്രാൻഡിംഗ് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ഖാദി വസ്ത്ര മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ആധുനികവത്ക്കരി ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖാദി നെയ്ത്ത്/നൂല്പ് ഉപകരണങ്ങൾ നവീകരിക്കു ന്നതിന്റെ ഭാഗമായി ഡ്യൂവൽ ഡ്രീവൻ മെക്കാനിസമുള്ള ചർക്ക തയ്യാറാക്കി വിതരണം ചെയ്തു വരുന്നു. ഖാദി മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചെന്നൈ |

ഐ.ഐ.ടി.യെ ചുമതലപ്പെടുത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് short term, long term പ്ലാനുകൾ നടപ്പാക്കി വരുന്നു.

ഖാദിയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ഖാദി ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഖാദി മാർക്ക് റെഗുലേഷൻസ് 2013-ലെ മാനദണ്ഡങ്ങൾ അനുസരിച്ച ഖാദി മാർക്ക് ടാഗ് ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ നടപ്പിലാക്കിയിട്ടുണ്ട്. (ഖാദി ഉല്പന്നം പ്രകൃതിദത്ത നാരുകളായ പരുത്തി, കമ്പിളി, പട്ട് എന്നിവയാൽ കൈകൊണ്ട് നൂൽക്കുകയും നെയ്യുകയും ചെയ്തുകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത് എന്നാണ് ഖാദി മാർക്ക് സൂചിപ്പിക്കുന്നത്). ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ ഖാദി സ്ഥാപനങ്ങൾക്ക് ഖാദി സർട്ടിഫിക്കേറ്റ് നൽകുന്നു. ഖാദി തുണിത്തരങ്ങളുടെ ഗുണമേന്മ ഖാദി ടെക്നിക്കൽ ജീവനക്കാർ പരിശോധിച്ച് ഉറപ്പ വരുത്തുന്നു. കൂടാതെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബോർഡിന്റെ ഉടമസ്ഥതയിൽ കണ്ണൂർ ഏറ്റുകുടുക്കയിൽ സ്ലൈവർ നിർമ്മാണ പ്ലാന്റ് സ്ഥാപിച്ച് സ്ലൈവർ ഉല്പാദിപ്പിച്ച് നൂല്പ് കേന്ദ്രങ്ങൾക്ക് വിതരണം ചെയ്യുന്നു.

കരകൗശല മേഖലകളുടെ നവീകരണത്തിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും സർക്കാർ സഹായത്തോടെ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക, ഉൽപ്പന്നങ്ങളുടെ പുതിയ ഡിസൈനുകൾ സൃഷ്ടിക്കുക, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുക എന്നിവ കരകൗശല വികസന കോർപ്പറേഷൻ വഴി നടത്തി വരുന്നു.

ഉമയനല്ലൂരിൽ മരപ്പണിക്കാർക്കുള്ള കോമൺ ഫെസിലിറ്റി സെന്റർ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പരമ്പരാഗത സ്വർണ്ണ തൊഴിലാളികൾക്ക് വേണ്ടി Gem & Jewellery Skill Council of India യും, National Skill Council of India മായി ചേർന്ന് ഗോൾഡ് അപ്രൈസർ ട്രെയിനിംഗിനു വേണ്ടിയുള്ള പദ്ധതി കാഡ്കോ നടപ്പിലാക്കിയിട്ടുണ്ട്.

പനഉത്പന്നങ്ങളുടെ കരകൗശല നിർമ്മാണ യൂണിറ്റ് സജ്ജമാക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ കെൽപാം മുഖാന്തിരം നടത്തി വരുന്നു. പനയുൽപന്നങ്ങളായ പനം കരുപ്പെട്ടി, പനം കൽക്കണ്ടം ഔഷധ കാപ്പി, കരുപ്പെട്ടി കാപ്പി തുടങ്ങിയവയുടെ ട്രേഡിങ്ങിനായി ഉത്പന്നങ്ങളെ സർക്കാർ ലാബിൽ ടെസ്റ്റ് ചെയ്ത്,

ഗുണ മേന്മ ഉറപ്പു വരുത്തി കെൽപാം മുഖേന വിപണനം ചെയ്ത് വരുന്നു. കൂടാതെ വ്യാപകമായ രീതിയിൽ പനം നൊങ്കു ഉത്പന്നങ്ങൾ ഗുണമേന്മയേറിയ നിലയിൽ പ്രോസസ്സ് ചെയ്ത് സംഭരിച്ചു വർഷം മുഴുവനും വിപണനം ചെയ്യുന്നതിന് നൊങ്ക് പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

ജീവനോപാധികൾ നഷ്ടപ്പെട്ട അവസ്ഥയിലുള്ള ചെറുകിട–ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനം ഉറപ്പു വരുത്തുകയും ആധുനികവത്ക്കരണത്തിനുള്ള മൂലധന സഹായവും പലിശ സഹായവും നൽകുന്ന തിനായി 7 കോടി രൂപ 2022-23 ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുത്തുകയും ഇതിൽ 2.24 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ 2023-24 സാമ്പത്തിക വർഷം ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ഇതിൽ 37.28 ലക്ഷം രൂപ ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഭാഗിക യന്ത്രവൽക്കരണം എന്നിവയ്ക്കായി സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളും ആധുനിക വൽക്കരിച്ചിട്ടുള്ളതും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതുമാണ്.

മുള മേഖലയുടെ നവീകരണത്തിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനുമായി കേരള സംസ്ഥാന ബാംബൂ മിഷൻറെ നേതൃത്വത്തിൽ വിവിധ പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പാക്കി വരുന്നത്. സംസ്ഥാന ബാംബൂ മിഷൻ മുഖേന സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ പങ്കെടുത്ത ഉൽപ്പന്ന കരകൗശലക്കാരുടെ പ്രക്രിയകളിലുള്ള പോരായ്മകൾ വിലയിരുത്തിയ ശേഷം മൂല്യവർദ്ധിത ഉത്പാദനത്തിലേക്ക് നയിക്കുംവിധം അവരുടെ ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും, ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടി കരകൗശല പ്രവർത്തകരുടെ യൂണിറ്റുകൾക്കും സ്വയം സഹായ സംഘങ്ങൾക്കും ആവശ്യമായ ടൂൾസും അനുബന്ധ ലഘു ഉപകരണങ്ങളും സംസ്ഥാന ബാംബൂ മിഷൻ നൽകി വരുന്നു.

| | | | |
|---|---|---|---|
| | | | കേരളത്തിൽ ഭക്ഷ്യ സംസ്കരണവും മൂല്യ വർദ്ധന പ്രവർത്തനങ്ങളും പ്രോത്സാഹിപ്പി ക്കുന്നതിനായി കിൻഫ്ര സംസ്ഥാനത്ത് "ഫുഡ് പാർക്കുകൾ " എന്ന പേരിൽ ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് മാത്രമായി വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ഫുഡ് പാർക്കുകളിൽ ഭക്ഷ്യ സംസ്കരണ യുണിറ്റുകൾ സ്ഥാപിക്കാൻ വിവിധ നിക്ഷേപകർ നിക്ഷേപം നടത്തിവരുന്നു.<br><br>ഫുഡ് പാർക്കിലുള്ള ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ കൂടാതെ, കിൻഫ്രയുടെ മറ്റുള്ള 15 പാർക്കുകളിലായി 161 ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.<br><br>ഭക്ഷ്യ സംസ്കരണത്തെ പിന്തുണയ്ക്കുന്നതിനായി കിൻഫ്രയുടെ ഫുഡ് പാർക്കുകളിൽ മലിനജല ശുദ്ധീകരണ പ്ലാന്റുകൾ, ജലശുദ്ധീകരണ പ്ലാന്റുകൾ കോൾഡ് സ്റ്റോറേജുകൾ, ക്വാളിറ്റി കൺട്രോൾ ലാബുകൾ, തുടങ്ങിയ പൊതു സൗകര്യങ്ങൾ ലഭ്യമാണ്.<br><br>കാർഷിക മൂല്യവർദ്ധിത വ്യവസായ മേഖലകളുടെ നവീകരണത്തിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനുമായി കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ **സ്കെയിൽ അപ്പ് മിഷൻപദ്ധതി** (മിഷൻ 1000) വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization of Micro Food Processing Enterprises) പദ്ധതി വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാ ബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.<br><br>കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനു സഹായിക്കുന്നതിനായി **കേരള ബ്രാന്റ്** എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യ ഘട്ടമായി വെളിച്ചെണ്ണയാണ് കേരളാ ബ്രാൻഡ് നൽകുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ